സംസ്ഥാനത്തെ ടൂറിസത്തിന് ഈ പ്രോജക്ട് പ്രോത്സാഹനം നൽകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന്റെ പ്രാരംഭ പ്രവർത്തനത്തിനും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും മറ്റുമായി 50 ലക്ഷം രൂപ ഞാൻ നീക്കിവയ്ക്കുന്നു.

32. സഹോദരനയ്യപ്പൻ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുവേണ്ടി ഗ്രേറ്റർ കൊച്ചിൻ ഡവലപ്പ്മെന്റ് അതോറിറ്റി (GCDA) യുടെ വിഹിതം ഒരു കോടി രൂപയിൽനിന്നും 4.5 കോടി രൂപയായി വർദ്ധിപ്പിക്കുന്നു, പാളയം-പാറ്റൂർ, കിള്ളിപ്പാലം-കരമന റോഡുകളുടെ വീതി കൂട്ടുന്നതിനും നിർമ്മാണത്തിനുമായി ട്രിഡ (TRIDA) യുടെ വിഹിതം ഒരു കോടിയിൽ നിന്നും 4.5 കോടി രൂപയായി ഞാൻ ഉയർത്തിയിട്ടുണ്ട്.

ഭവന നിർമ്മാണം

33. ഭൂരഹിതരും ഭവനരഹിതരുമായ സംസ്ഥാനത്തിലെ എല്ലാ ജനങ്ങൾക്കും ഘട്ടംഘട്ടമായി താമസസൗകര്യം ഏർപ്പെടുത്തുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിന് ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. മൈത്രി ഭവന പദ്ധതി അനുസരിച്ച് നിർമ്മിക്കുന്ന 13000 വീടുകൾക്ക് സബ്സിഡി വിഹിതമായി 30 കോടി രൂപ മാറ്റിവച്ചിരിക്കുന്നു.

34. അടുത്തവർഷം ഭവന നിർമ്മാണത്തിന് ഒരു പ്രത്യേക വിഭവ സമാഹരണ യജ്ഞം നടത്തുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നു. സംസ്ഥാനത്തിലെ ഭവനരഹിതരായവർക്ക് ഭവനങ്ങൾ നിർമ്മിച്ച് നൽകുന്നതിന് ഒരു ഫണ്ട് രൂപീകരിക്കുവാൻ വേണ്ടി ഒരു പ്രത്യേക ബംബർ ലോട്ടറി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു എന്നറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

വൈദ്യുതി

35. വൈദ്യുതിമേഖലയിൽ അതിശ്രദ്ധേയമായ പ്രകടനമാണ് ഈ ഗവൺമെന്റ് കാഴ്ചവച്ചിട്ടുള്ളത്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി സംസ്ഥാന വൈദ്യുതി പ്രസരണ ശൃംഖലയിൽ 845.5 മെഗാവാട്ട് ഊർജ്ജം കൂട്ടിച്ചേർത്തതിനാൽ ദക്ഷിണേന്ത്യയിൽ പവർ കട്ടില്ലാത്ത ഏക സംസ്ഥാനം എന്ന ബഹുമതി നാം ആർജ്ജിച്ചിരിക്കുന്നു. ജലശക്തിയെ പരമാവധി ചൂഷണം ചെയ്യുക എന്നത് ആയിരിക്കണം നമ്മുടെ ശ്രദ്ധാകേന്ദ്രം. 163 മെഗാവാട്ട് ശേഷിയുള്ള ആതിരപ്പള്ളി പദ്ധതിയ്ക്ക് കേന്ദ്ര അനുവാദം ലഭിച്ചുകഴിഞ്ഞു. ചൈനാ ഗവൺമെന്റിന്റെ സഹായത്തോടുകൂടി 16 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതാണ്. വരുന്ന അഞ്ചുവർഷങ്ങളിൽ ജലസ്രോതസ്സുകളിൽ നിന്ന് 1000 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപാദിപ്പിക്കുന്നതാണ് 107 മെഗാവാട്ട് ശേഷിയുള്ള ഒരു പവർ പ്ലാന്റ് കാസർഗോഡ് നിർമ്മാണത്തിലാണ്. 513 മെഗാവാട്ട് ശേഷിയുള്ള ഒരു പദ്ധതി കണ്ണൂരിലും 679 മെഗാവാട്ട് ശേഷിയുള്ള 'സിയാസിൻ എനർജി പ്ലാന്റ്' കൊച്ചിയിലും സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

നിരന്തരമായ പരിശ്രമങ്ങളുടെ ഫലമായി കൊച്ചിൻ റിഫൈനറിയുടെ 621 മെഗാവാട്ട് ശേഷിയുള്ള പദ്ധതിയ്ക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. അവശിഷ്ടവാതകത്തിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്ന ഈ പദ്ധതിയിൽ ഓഹരി പങ്കാളിയാകാൻ കേരള സംസ്ഥാന വൈദ്യുതിബോർഡ് ഉദ്ദേശിക്കുന്നു.

36. അതോടൊപ്പം തന്നെ നമ്മുടെ പ്രസരണ-വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന് എല്ലാ ശ്രമങ്ങളും നടത്തുന്നതാണ്. അടുത്തവർഷം തന്നെ 98 പുതിയ 33 കെ.വി. സബ്സ്റ്റേഷനുകളും 29 പുതിയ 110 കെ.വി. സബ്സ്റ്റേഷനുകളും കമ്മീഷൻ ചെയ്യുന്നതാണ്. നമ്മുടെ വൈദ്യുതി നയത്തിനനുസൃതമായി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെ മൂന്ന് ലാഭകേന്ദ്രങ്ങളായി 1.4.2000 മുതൽ പുന:സംഘടിപ്പിക്കുന്നതാണ്. അടുത്ത വാർഷിക പദ്ധതിയിൽ വൈദ്യുതി മേഖലയ്ക്ക് 662.7 കോടി രൂപ മാറ്റിവച്ചിരിക്കുന്നു. വരുംനാളുകളിലെ നമ്മുടെ വൈദ്യുതി ആവശ്യങ്ങൾ നേടുന്നതിനും വൈദ്യുതിരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമുള്ള ശ്രമങ്ങൾ അവിരാമം തുടരുന്നതാണ്.

സിവിൽ സപ്ലൈസ്

37. ജനങ്ങൾക്ക് ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുക എന്നതാണ് ഈ സർക്കാരിന്റെ പ്രാഥമിക കടമ. അത് നമ്മുടെ പരമ പ്രധാനമായ ലക്ഷ്യവുമാണ്. സംസ്ഥാനത്തെ പൊതുവിതരണ സംവിധാനത്തിന്റെ പ്രവർത്തനത്തിലെ കാര്യക്ഷമത, ഫല പ്രാപ്തി സുതാര്യത എന്നിവ പരക്കെ ശ്ലാഘിക്കപ്പെട്ടിട്ടുള്ളതാണ്. നമ്മുടെ കണക്കനുസരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്ന 42 ശതമാനം ജനങ്ങൾക്ക് പത്ത് കിലോഗ്രാം അരിവീതം കിലോ ഒന്നിന് 4 രൂപ പ്രകാരം വിതരണം ചെയ്തുവരുന്നു. എന്നാൽ ജനസംഖ്യയുടെ 25 ശതമാനം ജനങ്ങൾക്ക് അരി നൽകുന്നതിനുള്ള സബ്സിഡി മാത്രമാണ് കേന്ദ്രഗവൺമെന്റ് നൽകുന്നത്. ഇത് കൂടാതെ എല്ലാ കുടുംബങ്ങൾക്കും പ്രതിമാസം ഒരു കിലോയ്ക്ക് ഒരു രൂപ സബ്സിഡി പ്രകാരം 16 കിലോ അരി നാം നൽകി വരുന്നു.

38. 2000-2001-ലെ കേന്ദ്രബഡ്ജറ്റ് അനുസരിച്ച് പൊതുവിതരണ ശൃംഖല വഴി നൽകിവരുന്ന ഭക്ഷ്യസബ്സിഡികൾ എടുത്തുകളയുന്നതിനുള്ള നിർദ്ദേശം നമ്മെ നിരാശയിൽ ആഴ്ത്തി. ഭക്ഷ്യ സുരക്ഷിതത്വത്തിന് പൊതുവിതരണ സമ്പ്രദായത്തെ ആശ്രയിക്കുന്ന നമ്മുടേതുപോലുള്ള സംസ്ഥാനത്ത് ഇത് ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. എന്നിരുന്നാലും, നീതി നിഷേധിക്കപ്പെട്ടവരും പാവങ്ങളുമായ ജനങ്ങളുടെ ചെലവിൽ, ചെലവ് ചുരുക്കാനുള്ള കേന്ദ്രഗവൺമെൻറിന്റെ ശ്രമത്തിനെതിരെ ഈ രാജ്യത്തെ ചിന്തിക്കുന്ന ജനവിഭാഗങ്ങൾ പ്രതിഷേധം ഉയർത്തുന്നത് നമ്മെ പ്രോത്സാഹിപ്പിക്കുന്നു. കേന്ദ്രഗവൺമെന്റിന് സദ്ബുദ്ധി ഉണ്ടാവുമെന്ന് നമുക്ക് ആശിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

Housing

33. Government is committed to its declared goal of providing housing for all the homeless and landless people of our State in a phased manner. Rs. 30 cr. has been set apart for the subsidy component of 33000 houses under the Maitri Housing Scheme.

34. In 2000-2001 Government intends to conduct a special resource mobilisation drive for housing. I am happy to announce that Government shall conduct a Special Bumper Lottery for raising funds for Housing for the homeless in the State.

Power

35. The performance of this Government in the power sector has been nothing short of spectacular. In the past three years, 845.5 MW of energy has been added to the State's grid to make Kerala the only State in South India that does not impose a power cut on its consumers. The focus shall be on exploiting our hydel potential to its fullest. Government of India has cleared the Athirapally project (163 MW). 16 Mini Hydel projects will be implemented with the support of the Government of China. In the next five years 1000 MW of power will be produced additionally from hydel sources. A 107 MW power plant is under construction in Kasaragod. A 513 MW plant in Kannur and a 679 MW Siasin Energy Plant in Cochin are under active consideration of Government. As a result of our relentless follow up, Government of India has approved the 621 MW Cochin Refineries Project, KSEB intends to be an equity partner in this project, which generates power using the residual gases.

36. At the same time, no effort shall be spared to improve our Transmission and Distribution System. 98 new 33 KV Sub Station and 29 110 KV Sub Station will be commissioned next year itself. In line with our Power Policy, we will be restructuring the Kerala State Electricity Board into 3 Profit Centres, from 1.4.2000. The Power Sector has been allocated Rs. 662.7 cr. in our Annual Plan. We shall continue our relentless pursuit of self-sufficiency in power, and put the State in a better position to meet the demands of tomorrow.

Civil Supplies

37. It has been a cardinal credo in this Government's policy that it is our primary duty to ensure food security to our people. Our Public Distribution System of Kerala has been lauded for its efficiency, effectiveness and transparency of operations. We are providing 10 kg of rice at Rs. 4 per Kg to 42% of the population based on our assessment of families below the poverty line. Government of India is subsiding the rice for only 25% of the population. Besides this we re giving a subsidy of re. 1 per kilo on 16 kilo of rice given to all the families per month.

38. We are deeply disappointed by the proposal of Government of India in the Union Budget for 2000-2001 that subsidies on PDS issues will be

LIBRARY ARCHIVES Kerala Legislative Assembly